# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

*www.kannuruniversity.ac.in*

No. EG I.2/PR/2025　　　　　　　　　കെ. യു എച്ച്ക്യൂ., തീയതി: 04.01.2025

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാ വിജ്ഞാപനം**

മഞ്ചേശ്വരം, സെന്റർ ഫോർ ലീഗൽ സ്റ്റഡീസിലെ 10.02.2025 ന് ആരംഭിക്കുന്ന, **ഒന്നാം സെമസ്റ്റർ എൽ എൽ ബി (റെഗുലർ/ സപ്ലിമെന്ററി) നവംബർ 2024** പരീക്ഷകൾക്ക് 07.01.2025 മുതൽ 10.01.2025 വരെ പിഴയില്ലാതെയും 13.01.2025 വരെ പിഴയോടു കൂടിയും അപേക്ഷിക്കാം.

പയ്യന്നൂർ കോളേജിലെ 29.01.2025 ന് ആരംഭിക്കുന്ന **ഒന്നാം സെമസ്റ്റർ എം എസ് സി പ്ലാന്റ് സയൻസ് വിത്ത് ബയോ ഇൻഫർമാറ്റിക്സ് (റെഗുലർ - 2024 അഡ്മിഷൻ ) , ഒക്ടോബർ 2024** പരീക്ഷകൾക്ക് 08.01.2025 മുതൽ 10.01.2025 വരെ പിഴയില്ലാതെയും 13.01.2025 വരെ പിഴയോടു കൂടിയും അപേക്ഷിക്കാം.

പരീക്ഷാ വിജ്ഞാപനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**ടൈം ടേബിൾ**

05 .02 .2025 ന് ആരംഭിക്കുന്ന **രണ്ടാം വർഷ ബിരുദാനന്തര ബിരുദം (വിദൂര വിദ്യാഭ്യാസം - 2011 മുതൽ 2019 അഡ്മിഷൻ വരെ - മേഴ്സി ചാൻസ് ) ജൂൺ 2024** പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

**പ്രായോഗിക/ പ്രോജക്ട്/ വൈവ പരീക്ഷകൾ**

**നാലാം സെമസ്റ്റർ എം.എ. അറബിക്** (പ്രൈവറ്റ് രെജിസ്ട്രേഷൻ -റെഗുലർ /സപ്ലിമെന്ററി) ഏപ്രിൽ 2024 പ്രായോഗിക/ പ്രോജക്ട്/ വൈവ പരീക്ഷകൾ 06.01.2025, 07.01.2025 തീയതികളിലായി തളിപ്പറമ്പ് സർ സയ്യദ് കോളേജിൽ വച്ച് നടത്തുന്നതാണ്.

**നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി** (പ്രൈവറ്റ് രെജിസ്ട്രേഷൻ -റെഗുലർ/സപ്ലിമെന്ററി) ഏപ്രിൽ 2024 പ്രോജക്ട്/ വൈവ പരീക്ഷകൾ 20.01.2025 ന് താവക്കര ക്യാമ്പസിലെ മാളവ്യ മിഷൻ ടീച്ചർ ട്രെയിനിംഗ് സെന്ററിൽ (UGC-HRDC) വച്ച് നടത്തുന്നതാണ്.

ടൈം ടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

## ഹാൾടിക്കറ്റ്

08.01.2025 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി എ, ബി ബി എ, ബി കോം ബിരുദം (പ്രൈവറ്റ് റജിസ്ട്രേഷൻ- റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഏപ്രിൽ 2024 പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഹാൾടിക്കറ്റ്പ്രിന്റ് എടുത്ത ശേഷം ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്ത്, ഹാൾടിക്കറ്റിൽ കൊടുത്തിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ ഉച്ചയ്ക്കുശേഷം 1.30 മണിക്ക് (വെള്ളി 2.00 മണി) തുടങ്ങുന്ന പരീക്ഷകൾക്ക് ഹാജരാകേണ്ടതാണ്. ഹാൾടിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തുന്ന വിദ്യാർഥികൾ ഫോട്ടോ പതിച്ച ഏതെങ്കിലും ഗവൺമെന്റ് അംഗീകൃത അസ്സൽ തിരിച്ചറിയൽ കാർഡ്കൊണ്ടുവരണം.

## പുനർ മൂല്യ നിർണ്ണയം ഫലം

പഠന വകുപ്പുകളിലെ വിവിധ പ്രോഗ്രാമുകളിലെ രണ്ടാം സെമെസ്റ്റർ എം.എ. / എം.എസ്.സി /എം.ബി.എ , മെയ് 2024 പരീക്ഷയുടെ പുനർ മൂല്യ നിർണ്ണയം ഫലം പ്രസിദ്ധീകരിച്ചു

ഒപ്പ്/-

ജോയിന്റ് രജിസ്ട്രാർ II

(പരീക്ഷ വിഭാഗം)